ളമായ നേട്ടം നൽകിയിരിക്കുന്നു.

فَصَلِّ لِرَبِّكَ وَٱنْحَرْ ۝٢

2. ആകയാൽ നീ നിൻെറ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

إِنَّ شَانِئَكَ هُوَ ٱلْأَبْتَرُ ۝٣

3. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചു പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)[1]

## അൽകാഫിറൂൻ
(സത്യനിഷേധികൾ)

سُورَةُ الكَافِرُونَ

### അദ്ധ്യായം - 109

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ۝١
لَآ أَعْبُدُ مَا تَعْبُدُونَ ۝٢

1,2.(നബിയേ,) പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചു വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.

وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ۝٣

3. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ۝٤

4. നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല.

وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ۝٥

5. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

لَكُمْ دِينُكُمْ وَلِيَ دِينِ ۝٦

6. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എൻെറ മതവും.[2]

## അന്നസ്വ്ർ
(സഹായം)

سُورَةُ النَّصْرِ

### അദ്ധ്യായം - 110

---

[1] നബി(ﷺ)ക്ക് ആൺമക്കളില്ലാത്തതിൻെറ പേരിൽ ശത്രുക്കൾ അദ്ദേഹത്തെ 'അബ്തർ' (വാലറ്റവൻ) അഥവാ പിൻഗാമിയില്ലാത്തവൻ എന്ന് വിളിച്ച് അപഹസിക്കാറുണ്ടായിരുന്നു. ഇതിനെ ഖണ്ഡിച്ചുകൊണ്ട്, നബി(ﷺ)യോട് വിദ്വേഷം പുലർത്തുന്നവൻ തന്നെയാണ് 'അബ്തർ' അഥവാ ഭാവി നഷ്ടപ്പെട്ടവൻ എന്ന് അല്ലാഹു ഉണർത്തുന്നു.

[2] ഒരു സത്യവിശ്വാസി വിശ്വാസപരവും, ആരാധനാപരവുമായ തൻെറ വ്യതിരിക്തത നിലനിർത്തേണ്ടവനാണ്. ഏകദൈവത്വത്തിനെതിരായ ഒരു ആരാധനാരീതിയും അവന് സ്വീകരിക്കാവുന്നതല്ല.